S215
14/3/16

കേരള സർക്കാർ

സംഗ്രഹം

പിന്നോക്ക സമുദായ വികസന വകുപ്പ്- പിന്നോക്ക സമുദായ വികസന വകുപ്പ് മേഖലാ ഓഫീസിലേയ്ക്കും ഡയറക്ടറേറ്റിലേയ്ക്കും ആറ് പുതിയ തസ്തികകൾ സൃഷ്ടിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

പിന്നോക്ക സമുദായ വികസന (എ) വകുപ്പ്

സ. ഉ (കൈ) നമ്പർ. 03/2016/പിസവിവ. തീയതി, തിരുവനന്തപുരം, 04.03.2016.

==========================================================

പരാമർശം:- പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ 21-12-2015-ലെ BCDD/A1/187/2012 നമ്പർ കത്ത്.

ഉത്തരവ്

പിന്നോക്ക സമുദായങ്ങളുടെ ക്ഷേമ വികസന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിനായി രൂപീകരിക്കപ്പെട്ട പിന്നോക്ക സമുദായ വകുപ്പിൽ പ്രാഥമിക പ്രവർത്തനങ്ങൾക്ക് പത്ത് തസ്തികകൾ മാത്രമാണ് അനുവദിച്ചിരുന്നത്. 2014-15-ൽ കോഴിക്കോടും എറണാകുളത്തും ഓരോ മേഖലാ ആഫീസുകൾ അനുവദിച്ചതോടുകൂടിയാണ് പദ്ധതികൾ നടപ്പിലാക്കാനായത് എന്നും ഓഫീസ് സംവിധാനത്തിന്റെ അഭാവവും ഉദ്യോഗസ്ഥരുടെ എണ്ണക്കുറവും പദ്ധതികൾ കൂടുതൽ ഫലപ്രദമായും വ്യാപകമായും നടപ്പിലാക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നതായും പുതിയ പരിപാടികൾ ഏറ്റെടുക്കുന്നതിനും നടപ്പിലാക്കിയവ മോണിറ്റർ ചെയ്യുന്നതിനും കഴിയാതെ വരുന്നതിനാലും, ദക്ഷിണ മേഖലയിൽ ഒരു ഓഫീസും പ്രവർത്തനങ്ങൾക്ക് അനുസൃതമായ രീതിയിൽ ഡയറക്ടറേറ്റിന്റെ വിപുലീകരണവും അനിവാര്യമാണെന്ന് പരാമർശകത്ത് മുഖേന ഡയറക്ടർ അറിയിക്കുകയുണ്ടായി

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് പിന്നോക്ക സമുദായ വികസന വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിലേക്കായി വകുപ്പിന്റെ മേഖലാ ഓഫീസിലേയ്ക്കും ഡയറക്ടറേറ്റിലേയ്ക്കും അനിവാര്യമായ താഴെപ്പറയുന്ന 6 പുതിയ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | തസ്തിക | അനുവദിച്ച എണ്ണം | ശമ്പള സ്കെയിൽ |
|---|---|---|---|
| 1 | ഡെപ്യൂട്ടി ഡയറക്ടർ | 1 | 24040-36140 |
| 2 | ജൂനിയർ സൂപ്രണ്ട് | 1 | 16180-27140 |
| 3 | ക്ലാർക്ക് | 3 | 9940-16580 |
| 4 | ഓഫീസ് അറ്റന്റന്റ് | 1 | 8500-12220 |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
**ഡോ. ഇന്ദർജിത് സിംഗ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ഡയറക്ടർ, പിന്നോക്ക സമുദായ വികസന വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്. സി) വകുപ്പ്.
ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്
നിയമവകുപ്പ്
ധനകാര്യ വകുപ്പ്
വെബ് & ന്യൂമീഡിയ, ഐ& പി. ആർ.ഡി. (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻപ്രകാരം**

**സെക്ഷൻ ഓഫീസർ**